REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 17-05-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി തുടരുന്നു.
- കുടുംബശ്രീയ്ക്ക് ഇന്ന് 26-ാം പിറന്നാൾ.
- ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ മലയാളി വിദ്യാർത്ഥികൾക്ക് കണ്ണൂർ സർവ്വകലാശാല UG/PG പ്രവേശനത്തിന് പുതുതായി സീറ്റുകൾ അനുവദിക്കും.
- വാളയാർ വനമേഖലയിൽ കാട്ടാന സാന്നിധ്യം കണ്ടെത്താൻ ആധുനിക സാങ്കേതിക സംവിധാനം റെയിൽവെ ഏർപ്പെടുത്തും.
- IPL ക്രിക്കറ്റിൽ, ഇന്ന് മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി തുടരുന്നു. പ്രമുഖ മുന്നണികളുടെയും പാർട്ടികളുടെയും താരപ്രചാരകരെ മുൻനിർത്തിയാണ് റാലികളും പൊതുയോഗങ്ങളും സംഘടിപ്പിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മുംബൈ സൗത്ത് സെൻട്രൽ മണ്ഡലത്തിൽ റാലി നടത്തും. മുതിർന്ന പാർട്ടി നേതാവ് അമിത്ഷാ ഉത്തർപ്രദേശിലും ഒഡീഷയിലും ഝാർഖണ്ഡിലും പ്രചാരണം നടത്തും. അമേഠി ലോക്സഭാ സീറ്റിലെ റാലിയിലും അമിത് ഷാ പങ്കെടുക്കും. ഝാർഖണ്ഡിലെ റാഞ്ചിയിൽ റോഡ്ഷോയിലും പങ്കെടുക്കും. ഒഡീഷയിലെ റൂർക്കലയിൽ വിജയ്സങ്കല്പ് യാത്രയിലും അദ്ദേഹം അഭിസംബോധന ചെയ്യും.**

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ മുംബൈയിൽ ഇൻഡി സഖ്യത്തിന്റെ പൊതുയോഗത്തിൽ സംസാരിക്കും. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ അമൃത്സറിൽ പ്രചാരണത്തിൽ സംബന്ധിക്കും.

ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാവുന്ന അവസാന ദിവസം ഇന്നാണ്. അഞ്ചാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ നാളെ പരസ്യപ്രചാരണം അവസാനിക്കും.

✪✪✪

ഭരണഘടനയിൽ പരമാവധി ഭേദഗതികൾ വരുത്തിയത് കോൺഗ്രസ് ആണെന്ന്, മുതിർന്ന BJP നേതാവും രാജ്യരക്ഷാ മന്ത്രിയുമായ രാജ്നാഥ് സിംഗ് പറഞ്ഞു. ഭരണഘടനയുടെ ആമുഖത്തിൽ വരെ കോൺഗ്രസ് മാറ്റം വരുത്തിയെന്നും അദ്ദേഹം NIA വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി.

ഭരണഘടനയിൽ മതത്തിന്റെ അടിസ്ഥാനത്തിൽ സംവരണം നൽകാൻ വ്യവസ്ഥയില്ല. നിലവിലെ സംവരണ പ്രക്രിയ തുടരും. ഇതു തന്നെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും പറഞ്ഞത്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് വോട്ട് നേടാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്നും രാജ്നാഥ് സിംഗ് കുറ്റപ്പെടുത്തി.

✪✪✪

കേരളത്തിൽ സ്ത്രീശാക്തീകരണവും ദാരിദ്ര്യനിർമാജനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീക്ക് ഇന്ന് 26-ാം പിറന്നാൾ. 1998 മേയ് 17-ന് മലപ്പുറത്ത് തുടക്കമിട്ട കുടുംബശ്രീ, ഇത്തവണ പിറന്നാൾദിനത്തിൽ 'എന്നിടം' പദ്ധതിക്ക് തുടക്കമിടും. അയൽക്കൂട്ട വനിതകളുടെ കലാസാഹിത്യ വാസനകൾ വളർത്താനും ആശയങ്ങൾ പങ്കുവെക്കാനും ഒരുക്കുന്ന സാംസ്കാരിക വേദിയാണ് 'എന്നിടം'. മലപ്പുറം ജില്ലയിലെ എന്നിടം പദ്ധതി പാണ്ടിക്കാട് CDS-ലെ കാളമ്പാറ തെയ്യമ്പാടിക്കുത്ത് കവലയിൽ സിനിമ-നാടൻപാട്ട് കലാകാരൻ സുരേഷ് തിരുവാലി ഉദ്ഘാടനംചെയ്യും.

✪✪✪

കോഴിക്കോട് - കണ്ണൂർ ദേശീയ പാതയിലെ സ്വകാര്യ ബസുകളുടെ അമിത വേഗവും മത്സര ഓട്ടവും ഉൾപ്പെടെ ഗതാഗത നിയമ ലംഘനങ്ങൾ പൊലീസും ഗതാഗത വകുപ്പും പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടു.

നിയമ ലംഘനങ്ങൾ പരിശോധിച്ച് മൂന്നാഴ്ചക്കകം റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർമാൻ K. ബൈജൂനാഥ്, ട്രാൻസ്പോർട്ട് കമ്മീഷണർക്കും DGP-ക്കും നിർദേശം നൽകി. ജൂണിൽ കോഴിക്കോട്ടെ സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

കോഴിക്കോട് പന്തീരങ്കാവിലെ ഗാർഹിക പീഡനത്തിൽ ഭർത്താവ് രാഹുലിനെതിരെ ബ്ലൂ കോർണ്ണർ നോട്ടിസ് പുറപ്പെടുവിക്കാൻ പൊലീസ് നടപടി തുടങ്ങി. കേസിൽ രാഹുലിന്റെ കുടുംബാംഗങ്ങളുടെ മൊഴിയെടുക്കും. പ്രത്യേക അന്വേഷണ സംഘമാണ് കേസ് അന്വേഷിക്കുന്നത് .

✪✪✪

KSRTC ഡ്രൈവർ യദുവുമായുണ്ടായ തർക്കത്തിൽ, തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രന്റെ രഹസ്യ മൊഴി മജിസ്ട്രേറ്റിന് മുന്നിൽ രേഖപ്പെടുത്തും. ഡ്രൈവർ യദു ലൈംഗിക ആംഗ്യവിക്ഷേപം കാണിച്ചെന്ന കേസിലാണ് മൊഴി രേഖപ്പെടുത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയിൽ കന്റോൺമെന്റ് പൊലീസ് അപേക്ഷ നൽകി.

✪✪✪

സ്ത്രീ വിരുദ്ധ പരാമർശം നടത്തിയതായ പരാതിയിൽ RMP നേതാവ് K.S ഹരിഹരനെ അറസ്റ്റ് രേഖപ്പെടുത്തി സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. വടകര പോലീസ് സ്റ്റേഷനിൽ ഹാജരായ അദ്ദേഹത്തിന്റെ മൊഴിയും പോലീസ് രേഖപ്പെടുത്തി. വടകരയിൽ UDF പരിപാടിയിലാണ് അദ്ദേഹം വിവാദ പരാമർശം നടത്തിയത്.

✪✪✪

ഇന്ന് ലോക ഹൈപ്പർ ടെൻഷൻ ദിനം. അമിത രക്തസമ്മർദ്ദത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും, പ്രതിരോധ നടപടികൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം. 'നിങ്ങളുടെ രക്ത സമ്മർദം കൃത്യമായി അളക്കുക, നിയന്ത്രിക്കുക, കൂടുതൽ കാലം ജീവിക്കുക' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ മലയാളി വിദ്യാർത്ഥികൾക്ക് കണ്ണൂർ സർവ്വകലാശാല UG/PG പ്രവേശനത്തിന് പുതുതായി സീറ്റുകൾ അനുവദിക്കും.

വൈസ് ചാൻസലർ സീനിയർ പ്രൊഫസർ ബിജോയ് നന്ദന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ മറ്റ് തീരുമാനങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

**.....(വോയ്സ്)...........**

✪✪✪

**പാലക്കാട് റെയിൽവെ ഡിവിഷനിലെ കൊട്ടേക്കാട് - മദുക്കരൈ സെക്ഷനിൽ കാട്ടാനകളുടെ സാന്നിധ്യം കണ്ടെത്താൻ ഏറ്റവും ആധുനികമായ സാങ്കേതിക സംവിധാനം ഏർപ്പെടുത്താൻ റെയിൽവെ തീരുമാനിച്ചു. ഇതിനായി 15 കോടി 42 ലക്ഷം രൂപ അനുവദിച്ചതായി റെയിൽവെ അറിയിച്ചു. ട്രെയിനിടിച്ച് കാട്ടാനകൾ ചെരിയുന്ന സംഭവങ്ങൾ ആവർത്തിക്കുന്ന സാഹചര്യം പരിഗണിച്ചാണ് നടപടി. വൈദ്യുതി വേലിയും നിരീക്ഷണ ക്യാമറകളും ഉൾപ്പെടെ പല സംവിധാനങ്ങളും ഏർപ്പെടുത്തിയെങ്കിലും ആനകളുമായി ബന്ധപ്പെട്ട അപകടങ്ങൾ തുടരുന്ന സാഹചര്യത്തിലാണ് സ്ഥിരം സംവിധാനമേർപ്പെടുത്താൻ റെയിൽവെ തീരുമാനിച്ചത്.**

**ഈ പാതയിലെ ട്രെയിനുകൾ പലപ്പോഴും അടിയന്തരമായി ബ്രേക്കിടേണ്ടി വരുന്നത് ട്രെയിനുകളുടെ സുരക്ഷയെയും ബാധിക്കുന്നതായി കണ്ടെത്തിയിരുന്നു. ഓപ്ടിക്കൽ ഫൈബർ ശൃംഖലയും, നിർമ്മിത ബുദ്ധി സംവിധാനവും ഒത്തുചേർന്ന ഏറ്റവും പുതിയ സംവിധാനമാണ് പാതയിൽ ഏർപ്പെടുത്തുന്നതെന്ന് റെയിൽവെ അറിയിച്ചു.**

✪✪✪

**കേരളത്തിൽ വേനൽ മഴ ഏതാനും ദിവസം കൂടി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ചിലയിടങ്ങളിൽ മഴ ശക്തമാകും. ഇന്ന് പത്തനംതിട്ട, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെ അതിശക്തമായ മഴ സാധ്യത മുൻ നിർത്തി ഓറഞ്ച് ജാഗ്രതയും നൽകി.**

**കാറ്റ് ശക്തമായേക്കുമെന്ന മുന്നറിയിപ്പിനെ തുടർന്ന് തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് മേഖലയിലും തിങ്കളാഴ്ച വരെ മീൻ പിടുത്തത്തിന് വിലക്കേർപ്പെടുത്തി.**

✪✪✪

**E.K നായനാരുടെ ചരമ വാർഷിക ദിനമായ മറ്റന്നാൾ, കണ്ണൂർ ജില്ലയിൽ അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന്, CPIM ജില്ലാ സെക്രട്ടറി M.V ജയരാജൻ കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രാവിലെ പയ്യാമ്പലത്തെ സ്മൃതി കുടീരത്തിൽ പുഷ്പാർച്ചനയും, തുടർന്ന് നായനാർ അക്കാദമിയിൽ അനുസ്മരണ സമ്മേളനവും നടത്തും. പാർട്ടി നേതാക്കളായ MV.ഗോവിന്ദൻ E.P ജയരാജൻ എന്നിവർ സംബന്ധിക്കും.**

നായനാർ മ്യൂസിയം 19 മുതൽ പൊതുജനങ്ങൾക്ക് സന്ദർശനത്തിന് തുറന്നു കൊടുക്കുമെന്നും M.V.ജയരാജൻ അറിയിച്ചു.

സോളാർ വിഷയത്തിൽ ഇപ്പോൾ നടക്കുന്നത് CPIM നെതിരായ പ്രചാരവേലയാണെന്നും ജയരാജൻ പറഞ്ഞു.

✪✪✪

കോഴിക്കോട് ആകാശവാണി നിലയത്തിൽ നിന്ന് വിരമിച്ച പ്രക്ഷേപകൻ R. കനകാംബരന് റേഡിയോ മേഖലയിലെ സംഭാവനകൾ പരിഗണിച്ച് കാഞ്ചീരവം കലാവേദി, പ്രക്ഷേപണശ്രീ അവാർഡ് സമ്മാനിക്കും. കോഴിക്കോട് നിലയത്തിന്റെ ഹലോ ഇഷ്ടഗാനം എന്ന ജനപ്രിയ ഫോൺ ഇൻ പരിപാടിയുടെ അവതാരകൻ RK എന്ന R കനകാംബരൻ ആയിരുന്നു.

മറ്റന്നാൾ നളന്ദ ഓഡിറ്റോറിയത്തിലെ ഖാൻകാവിൽ നഗറിൽ പ്രൊഫസർ M.N കാരശ്ശേരി പുരസ്കാരം സമ്മാനിക്കും. റേഡിയോ ശ്രവണം പ്രോത്സാഹിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ മുൻനിർത്തി ഉൺമ മോഹൻ നൂറനാടിന് ശ്രവണശ്രീ അവാർഡും നൽകും.

✪✪✪

മലപ്പുറം ജില്ലയിലെ എടക്കര മുണ്ടേരി സംസ്ഥാന വിത്തുകൃഷിത്തോട്ടം മാമ്പഴ സിറപ്പ് വിപണിയിലിറക്കി. സിന്ദൂരം, കർപ്പൂരം, മൂവാണ്ടൻ, ബെനീഷ്യ, അൽഫോൻസ മാങ്ങകളുടെയും പച്ചമാങ്ങയുടെയും സിറപ്പുകളാണ് വിൽപ്പനയ്ക്കു തയ്യാറായത്. ഫാമിലെ മാമ്പഴ വിൽപ്പന നിർത്തിയാണ് സിറപ്പ് വിപണനം ആരംഭിച്ചത്. കൃത്രിമ നിറങ്ങളോ, രുചിയോ, സുഗന്ധമോ ചേർക്കാതെയാണ് സിറപ്പിന്റെ നിർമ്മാണം. ആദ്യഘട്ടത്തിൽ ഫാമിന്റെ കൗണ്ടറിലൂടെയായിരിക്കും വിൽപ്പന.

✪✪✪

വിവരാവകാശ അപേക്ഷകൾ, ജനപക്ഷത്തു നിന്ന് കൈകാര്യം ചെയ്യാൻ ഉദ്യോഗസ്ഥർ തയ്യാറാകണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A. അബ്ദുൽ ഹക്കീം നിർദ്ദേശിച്ചു. അപേക്ഷകർക്ക് വിവരം നൽകുന്നതിന് പകരം എങ്ങനെ നൽകാതിരിക്കാം എന്ന കാര്യത്തിലാണ് പല ഉദ്യോഗസ്ഥരും ഗവേഷണം നടത്തുന്നതെന്ന് അദ്ദേഹം മലപ്പുറത്ത് കമ്മീഷൻ തെളിവെടുപ്പിൽ പറഞ്ഞു.

കാലിക്കറ്റ് സർവ്വകലാശാലയിലെ അധ്യാപക നിയമനത്തിൽ സംവരണ റോട്ടേഷൻ ചാർട്ടും അനുബന്ധ രേഖകളും ഒരാഴ്ചയ്ക്കകം അപേക്ഷകന് ലഭ്യമാക്കണമെന്ന് കമ്മീഷൻ ഉത്തരവ് നൽകി.

✪✪✪

**വടക്കൻ കേരളത്തിലെ പ്രസിദ്ധമായ കാസർഗോഡ് മഡിയൻ കൂലോം ക്ഷേത്രപാലക ക്ഷേത്ര കലശോത്സവം ഈ മാസം 24, 25 തീയ്യതികളിലായി നടക്കും. കലശത്തിന് മുന്നോടിയായി 21 ന് രാവിലെ കളരികളിൽ ഓല കൊത്തൽ ചടങ്ങും നടക്കും. തുടർന്ന് വിവിധ ക്ഷേത്രങ്ങളിൽ നിന്ന് മഡിയൻ ക്ഷേത്ര പാലക ക്ഷേത്രത്തിലേക്ക് കലശം എഴുന്നള്ളിപ്പും നടക്കും.**

✪✪✪

**സ്വർണ്ണവില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് 54,080 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 6,760 രൂപയാണ് വില.**

✪✪✪

**സലഫി ലേണിംഗ് ആന്റ് റിസർച്ച് സെന്റർ 36-ാം സംസ്ഥാന സംഗമവും, അവാർഡ് വിതരണവും മറ്റന്നാൾ കോഴിക്കോട്ട് നടത്തും. ഈ വർഷത്തെ SLRC പൊതു പരീക്ഷയിലെ മികച്ച വിജയികൾക്ക് ചടങ്ങിൽ അവാർഡുകളും വിതരണം ചെയ്യും.**

✪✪✪

**കാസർഗോഡ് തൃക്കരിപ്പൂർ പോളിടെക്നിക് ഹോസ്റ്റൽ മുറിയിൽ വിദ്യാർത്ഥിയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഒന്നാം വർഷ കംപ്യൂട്ടർസയൻസ് വിദ്യാർത്ഥി അഭിജിത് ഗംഗാധരനാണ് മരിച്ചത് .**

✪✪✪

**സാമൂഹ്യ വിരുദ്ധർക്കും സ്ഥിരം കുറ്റവാളികൾക്കുമെതിരെ പോലീസിന്റെ ഓപ്പറേഷൻ ആഗ് സ്പെഷ്യൽ ഡ്രൈവിൽ കണ്ണൂർ സിറ്റി പൊലീസ് 134 പേരെ കസ്റ്റഡിയിലെടുത്തു. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട 72 പേർക്കെതിരെയും വാറണ്ട് കേസിൽ പ്രതികളായ 46 പേർക്കെതിരെയും, ഗുരുതര കുറ്റം ചെയ്ത രണ്ട് പേർക്കെതിരെയും കാപ്പ പ്രകാരം ഒരാൾക്കെതിരെയും മറ്റ് ക്രിമിനൽ കേസിൽ 13 പേർക്കെതിരെയുമാണ് അറസ്റ്റ് ഉൾപ്പെടെ നിയമനടപടികൾ ഉണ്ടായത്. വരും ദിവസങ്ങളിലും ഇത്തരക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമെന്ന് സിറ്റി പൊലീസ് കമ്മീഷണർ അജിത് കുമാർ അറിയിച്ചു.**

✪✪✪